# പതിനാലാം കേരള നിയമസഭ

## (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1282** **05.03.2020-ൽ മറുപടിയ്ക്ക്**

## മുറ്റത്തൊരു മീൻ പദ്ധതി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ജലാശയങ്ങളുടെ നശിച്ചുപോയ ആവാസ വ്യവസ്ഥ പുനഃസ്ഥാപിച്ച് മത്സ്യകൃഷി ചെയ്യുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായി കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ; | എ) 2019-20 സാമ്പത്തിക വർഷം ഉപയോഗ ശൂന്യമല്ലാതെ കിടക്കുന്ന ജലാശയങ്ങളിൽ മത്സ്യകൃഷിക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ പുനഃസ്ഥാപിച്ച് മത്സ്യകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന 2019-20 സാമ്പത്തിക വർഷം കാർപ്പ്, പങ്കേഷ്യസ്, നൈൽതിലാപ്പിയ, വരാൽ, കാരി, മുഷി, പൂമീൻ, കരിമീൻ, ചെമ്മീൻ, ഞണ്ട്, കല്ലുമ്മക്കായ എന്നിവയെ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.<br>കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി വെള്ളക്കെട്ടിലെ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ ഈ സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച കുളത്തിൽ കാർപ്പ് കൃഷി, നവീകരിച്ച കുളത്തിൽ ചെമ്മീൻ കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.<br>ഈ പദ്ധതികൾക്കായി കർഷകർക്ക് ജനകീയ മത്സ്യകൃഷി/ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകുന്നുണ്ട്. വിവിധ കൃഷി രീതികളുടെ അടിസ്ഥാനത്തിൽ യൂണിറ്റ് കോസ്റ്റിന്റെ 40% തുക പദ്ധതിയുടെ ഗുണ ഭോക്താക്കൾക്ക് ധനസഹായമായി നൽകി വരുന്നു. കൂടാതെ മത്സ്യകൃഷിയിൽ കർഷകർക്ക് പരിശീലനവും, സാങ്കേതിക സഹായവും ചെയ്ത് വരുന്നു. |

| | |
|---|---|
| ബി) മുറ്റത്തൊരു മീൻ എന്ന പേരിൽ ഫിഷറീസ് വകുപ്പ് നടത്തുന്ന പദ്ധതിയുടെ വിശദാംശം നൽകാമോ? | ബി) "മുറ്റത്തൊരു മീൻതോട്ടം പദ്ധതി" ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഡാക്ക് മുഖേനയാണ് നടപ്പിലാക്കിയത്. ടി പദ്ധതിക്കായി 19.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പദ്ധതി നിർവ്വഹണത്തിന് ആദ്യ ഗഡുവായി 15.96 ലക്ഷം രൂപ അഡാക്കിന് നൽകിയിട്ടുമുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ 6 ജില്ലകളിൽ നടപ്പിലാക്കി. ടി ജില്ലകളിലെ 2065 കർഷകർക്ക് ട്രെയിനിംഗ് ഡിസംബർ 2018, ജനുവരി 2019 എന്നീ മാസങ്ങളിൽ നൽകിയിരുന്നു. ഒരു സെന്റിന് 123 കുഞ്ഞുങ്ങളെ വച്ച് പരമാവധി 3 സെന്റ് വരെ ആസാംവാള മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിരുന്നു. സംസ്ഥാനത്ത് ആകെ 309959 എണ്ണം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. 2520 യൂണിറ്റിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**